# SYRO MALANKARA CATHOLIC CHURCH

**ARCHDIOCESE OF TIRUVALLA**

Most Rev. Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla

Catholic Archbishops' House,
Marygiri, P. B. No. 4, Tiruvalla – 689 101.

Circular No.5/2016 17 /05/2016

**അതിഭദ്രാസന സുവിശേഷസംഘം – രണ്ടാം ബാച്ച്**

പ്രിയ ബഹു. വൈദീകരേ,

നമ്മുടെ സഭയിൽ സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ രൂപപ്പെട്ടു വരുകയാണല്ലോ. നമ്മുടെ അതിഭദ്രാസന സുവിശേഷ സംഘത്തിന്റെ ഒന്നാം ബാച്ചിൽ 15 പേരാണ് പരിശീലനം നേടി നിയോഗിക്കപ്പെട്ടത്. നമ്മുടെ എല്ലാ ഇടവകയിൽ നിന്നും സുവിശേഷ സംഘത്തിലേക്ക് കൈവയ്പ് ലഭിച്ച ഒരു വ്യക്തിയെങ്കിലും ഉണ്ടായിരിക്കണമെന്നത് നമ്മുടെ പരിശുദ്ധ സുന്നഹദോസിന്റെ പൊതു തീരുമാനമാണ്. അതനുസരിച്ച് നമ്മുടെ സഭയിലെ എല്ലാഭദ്രാസനനങ്ങളിലും സുവിശേഷ സംഘത്തിന്റെ രണ്ടാം ബാച്ച് പരിശിലനം ആരംഭിച്ചിരിക്കുന്നു. നമ്മുടെ അതിഭദ്രാസനത്തിൽ ഹൈറേഞ്ച് മേഖലയെ പ്രത്യേകം പരിഗണിച്ച് രണ്ടാം ബാച്ചിന്റെ പരിശീലനം ആരംഭിച്ചു. ഹൈറേഞ്ച് ഒഴികെയുള്ള നമ്മുടെ എല്ലാ ഇടവകയിൽ നിന്നും ഒന്നോ രണ്ടോ വ്യക്തികളെ ഈ പരിശീലനത്തിനായി കണ്ടെത്തി അയയ്ക്കണമേ എന്ന് പ്രത്യേകം അറിയിക്കുന്നു. 50 ഭവനങ്ങളിൽ താഴെയുള്ള പള്ളിയിൽ നിന്നും ഒരു വ്യക്തിയും 50 ഭവനങ്ങളിൽ കൂടുതലുള്ള പള്ളികളിൽ നിന്ന് രണ്ടു പേരും ഈ പരിശീലനത്തിൽ പങ്കെടുക്കുവാൻ അച്ചന്മാർ ക്രമികരണം ചെയ്യുമല്ലോ. ഇടവകയിൽ നിന്നും യോഗ്യരായ വ്യക്തികളെ തെരഞ്ഞെടുത്ത് അയയ്ക്കാനുള്ള ചില നിർദേശങ്ങൾ ഇതോടെപ്പം വയ്ക്കുന്നു. പരിശീലിനത്തിനായി അയയ്ക്കുന്ന വ്യക്തികളുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ 2016 ജൂൺ15 ന് മുൻപ് ബഹു. ഏബ്രഹാം തൈപ്പറമ്പിൽ അച്ചനെ അറിയിക്കുമല്ലോ. ഈ കാര്യവുമായി ബന്ധപ്പെട്ട് അച്ചൻ നിങ്ങളെ നേരിട്ട് ബന്ധപ്പെടുന്നതാണ്. ഒരു വർഷം രണ്ടു ദിവസം വീതമുള്ള നാല് പരിശീലനം ഉണ്ട്. ശനി, ഞായർ ദിവസങ്ങളിൽ പരിശീലനം ശാന്തിനിലയത്തിലായിരിക്കും നടത്തുക. അച്ചൻ ഈ കാര്യത്തിൽ പ്രത്യേക താത്പര്യമെടുത്ത് ആളുകളെ കണ്ടെത്തി അയയ്ക്കുമല്ലോ.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ! നിങ്ങൾക്ക് എല്ലാ നന്മകളും നേർന്നുകൊണ്ട്,

ക്രിസ്തു യേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, തിരുവല്ല അതിഭദ്രാസനം.

P.T.O

## അതിഭദ്രാസന സുവിശേഷസംഘം രണ്ടാം ബാച്ച്- ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1 . അതിഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും കൈവയ്പ്പ് ലഭിച്ച ഒരു സുവിശേഷ സംഘാംഗം ഉണ്ടായിരിക്കണം. അവരിലൂടെ ആ ഇടവകയിൽ സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മികതയും ശുശ്രൂഷയും ശക്തിപ്പെടുത്താനാകും.

2. കൈവയ്പ്പ് ലഭിച്ച സുവിശേഷസംഘാംഗങ്ങൾ, അതിഭദ്രാസനതാതലത്തിലും സഭാ തലത്തിലും കൈവയ്പ്പിനായി പ്രത്യേകം ഒരുങ്ങുന്ന സുവിശേഷസംഘാംഗങ്ങൾ, ഇവർ ഇല്ലാത്ത ഇടവകകളെ പ്രത്യകം ശ്രദ്ധിച്ച് അവിടെ നിന്നും യോഗ്യരായവരെ തെരഞ്ഞെടുത്ത് അതിഭദ്രാസനസുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ചിലേക്ക് അയയ്ക്കുക.

3. സാമാന്യ വിദ്യാഭ്യാസമുള്ളവർ, ഇടവകയിൽ പൊതുവേ അംഗീകരിക്കപ്പെടുന്നവർ, ആത്മീയകാര്യങ്ങളിലും ശുശ്രൂഷകളിലും താൽപര്യമുള്ളവർ, ആത്മീയ ശുശ്രൂഷയ്ക്ക് സമയം കണ്ടെത്തുവാൻ സാധിക്കുന്നവർ, ഇപ്രകാരമുള്ളവരിൽ നിന്നും യോഗ്യനായ/ യോഗ്യയായ ഒരു വ്യക്തിയെ തെരഞ്ഞെടുത്ത് അതിഭദ്രാസന സുവിശേഷസംഘം ഡയറക്ടറെ അറിയിക്കുക. വ്യക്തിയുടെ പേര് , മേൽവിലാസം, ഫോൺ നമ്പർ എന്നീ വിവരങ്ങളും ഉണ്ടായിരിക്കണം.

4. 2016 ജൂലൈ മാസം മുതൽ പരിശീലനം ആരംഭിക്കന്നതാണ്. 2018 ഡിസംബറിനുള്ളിൽ പരിശീലനം പൂർത്തിയാക്കി കൈവയ്പ് നൽകുന്നതാണ്. മൂന്ന് ദിവസം ഒന്നിച്ച് ഒരു സ്ഥലത്ത് താമസിച്ചാണ് പരിശീലന പരിപാടികൾ നടത്തുക. ഇപ്രകാരം മൂന്ന് ദിവസം വീത മുള്ള 8 പരിശീലന പരിപാടികൾ രണ്ട് വർഷത്തിനുള്ളിൽ ക്രമീകരിക്കുന്നതാണ്. ഇപ്രകാരം പരിശീലനം പൂർത്തിയാക്കി അതിഭദ്രാസനമെത്രാപ്പോലീത്താ അംഗീകാരം നൽകുന്നവർക്കാണ് കൈവയ്പ്പ് നൽകുക.

5. രണ്ട് വർഷത്തിനുള്ളിൽ 8 പ്രാവശ്യം നടക്കുന്ന പരിശീലന പരിപാടികൾക്ക് സഭാതല സുവിശേഷസംഘത്തിലെ ചുമതലപ്പെട്ട ഡയറക്ടറുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതാണ്.

6. സുവിശേഷസംഘാംഗങ്ങളുടെ പരിശീലനത്തിന് ആവശ്യമായ താമസം, ഭക്ഷണം ഇവയുടെ ചെലവ് അതിഭദ്രാസനം വഹിക്കുന്നതാണ്. പരിശീലനത്തിനെത്തുന്ന സാമ്പത്തിക ശേഷിയുള്ള സുവിശേഷ സംഘാംഗങ്ങളോ, സുവിശേഷസംഘാംഗത്തെ അയയ്ക്കുന്ന ഇടവകകളോ, താത്പര്യമുള്ളവരോ പരിശീലനത്തിനുള്ള സാമ്പത്തികം നൽകാവുന്നതാണ്.

7. ഇടവകയിൽ നിന്നും സുവിശേഷസംഘത്തിലേക്ക് പ്രത്യേകം തെരഞ്ഞെടുത്ത വ്യക്തിയെ ഇടവകവികാരി ഇടവക സമൂഹത്തിൽ പ്രത്യേകം പരിചയപ്പെടുത്തണം. പരിശീലനം കഴിഞ്ഞ് വരുമ്പോൾ അവരുടെ അനുഭവം പങ്കു വയ്ക്കുവാൻ അവസരം നൽകുന്നത് അനുഗ്രഹപ്രദമാണ്.

8. സുവിശേഷസംഘത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയുടെ ആത്മീയ ഗുരു ഇടവക വികാരിയാണ്. ആ വ്യക്തിയുടെ ആത്മീയ വളർച്ചയ്ക്ക് എല്ലാവിധ പ്രോൽസാഹനവും സഹായവും നിർദ്ദേശങ്ങളും ഇടവക വികാരി നൽകേണ്ടതാണ്. ഇടവകയ്ക്കു വേണ്ടിയാണ് ഈ വ്യക്തി പരിശീലനം നേടുന്നത് എന്ന കാര്യം ഇടവക ജനങ്ങളെ പ്രത്യേകം അറിയിക്കുമല്ലോ. പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയെയും ഈ കാര്യം പ്രത്യേകം ബോദ്ധ്യപ്പെടുത്തണം.